ഐ.ടി (4) 4554/2018

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം,തീയതി : 22-12-2020.

**<u>സർക്കുലർ നം. 81/2020</u>**

വിഷയം : സഹകരണ വകുപ്പ് -സഹകരണ സംഘങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സോഫ്റ്റ് വെയർ ഉപയോഗിക്കുന്നത് സംബന്ധിച്ച് മാർഗനിർദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച്.

സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിന്റെ ഉപയോഗം സംബന്ധിച്ച് 62/2020 നമ്പർ സർക്കുലർ നിർദേശം നൽകിയിരുന്നു. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിലവിലുള്ള അക്കൌണ്ടിംഗ് സോഫ്റ്റ് വെയർ സംബന്ധിച്ച് ചുവടെ പറയുന്ന നിർദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

1. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ "Cloud System" ലേക്ക് മൈഗ്രേറ്റ് ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.
2. സഹകരണ സംഘങ്ങൾ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ പുതിയ അക്കൌണ്ടിംഗ് സോഫ്റ്റ് വെയറിലേക്ക് മാറ്റുന്നതിനും, അക്കൌണ്ടിംഗ് സോഫ്റ്റ് വെയർ ഉപയോഗിക്കാത്ത സംഘങ്ങളിൽ പുതുതായി അക്കൌണ്ടിംഗ് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

ഒപ്പ്
ഡോ.നരസിംഹുഗാരി .ടി.എൽ.റെഡ്ഡി ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ് :

1. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4. സ്റ്റോക്ക് ഫയൽ/ സ്പെയർ.

//നിർദേശാനുസരണം//

അസിസ്റ്റന്റ് നോഡൽ ആഫീസർ (ഐ.ടി)